**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശൂർ നഗരസഭ - നഗരസഭാ സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ എം.ആർ. അഭിലാഷിന്റെ ഭവന വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 427/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.02.2015

=====================================================================

**പരാമർശം : 1)** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ (എ&ഇ) 13.12.2013 തീയതിയിലെ LA Cell(MCA)/HBA/PMD 72639/ Unit III/2675 നമ്പർ കത്ത്.

2) നഗരകാര്യ ഡയറക്ടറുടെ 13.01.2014 തീയതിയിലെ എഫ്3-18518/12 നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ നഗരസഭാ സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ എം.ആർ. അഭിലാഷിന്റെ ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട വായ്പ കുടിശ്ശിക 25,000/- രൂപയും പലിശതുകയുടെ കുടിശ്ശികയായ 1,81,507/- രൂപയും ചേർത്ത് 2,06,507/- രൂപയിൽ നിന്നും 2 ലക്ഷം രൂപ എഴുതി തള്ളുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

നഗരകാര്യ ഡയറക്ടറുടെ അപേക്ഷ സർക്കാർ പരിശോധിച്ചു. തൃശൂർ നഗരസഭാ സെക്രട്ടറിയായിരിക്കെ 15.08.2011-ൽ മരണമടഞ്ഞ എം.ആർ.അഭിലാഷിന്റെ ഭവനനിർമ്മാണ വായ്പയിൽ ബാദ്ധ്യതയായ 1,81,507/- രൂപ ഒഴിവാക്കുന്നതിനും മുതലിനത്തിലെ ബാദ്ധ്യതയായ 25,000/- രൂപയിൽ നിന്നും 18,493/- രൂപ "2075-00-795-98HBA Write off" എന്ന ശീർഷകത്തിൽ ചെലവും "7610-00-201-90-HBA" എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതി തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുതലിനത്തിൽ ബാക്കി തുകയായ 6,507/- രൂപ മരണപ്പെട്ട എം.ആർ.അഭിലാഷിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും റിക്കവറി ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃശൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**